ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: പണം ലഭിക്കുന്നതിനുതകുന്ന നടപടികൾ എടുത്തിട്ടുണ്ടെന്നു ഗവണ്മെൻറ് പറഞ്ഞു. എന്തു നടപടികളാണ് എടുത്തിട്ടുള്ളതു?

ശ്രീ. ടി. കെ. നാരായണപിള്ള: ബില്ലുകൾ അക്കൗണ്ടൻറ് ജനറലിനു അയച്ചിട്ടുണ്ടെന്നു പറഞ്ഞതു 'നടപടികളിൽ ഒന്നാണ്'.

നൂൽവിതരണത്തിൽ വിവേചനം

*ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നൂൽനിയന്ത്രണം അടുത്തകാലം ഏർപ്പെടുത്തിയതിനുശേഷം നെയ്ത്തുകാർക്കു എന്നു മുതലാണു വിതരണം നടത്തിയതു; മത്സ്യവ്യവസായികൾക്കു എന്നു മുതൽ;

(ബി) നിയന്ത്രണം തുടങ്ങിയതിനുശേഷം ഇതുവരെയും ഒരിഴ നൂൽപോലും കിട്ടാതെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്ന മത്സ്യവ്യവസായ കേന്ദ്രങ്ങൾ ഉണ്ടെന്നുള്ള പരാതി വാസ്തവമാണോ;

(സി) ലൈസൻസികൾ ഉള്ള സ്ഥലത്തുപോലും ഇതുവരെയും മത്സ്യവ്യവസായികൾക്കായുള്ള നൂൽ വിതരണം നടന്നിട്ടില്ലെന്നറിയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കഴിഞ്ഞ ഫെബ്രുവരിമാസം മുതൽക്കാണു കച്ചവടക്കാർക്കു നൂൽവിതരണം ചെയ്തതു. അതിനുള്ള കോട്ടാ അനുവദിച്ചതുമുതൽക്കാണു കൈത്തറി നെയ്ത്തുകാർക്കും, മത്സ്യവ്യവസായികൾക്കും നൂൽ വിതരണം ചെയ്തിട്ടുള്ളതു.

(ബി) അറിവില്ല.

(സി) അറിഞ്ഞുകൂടാ.

ശ്രീ. എ. സു. കുട്ടൻ: നെയ്ത്തു വ്യവസായികൾക്കു നൂൽ കിട്ടുന്നില്ലെന്നുള്ളപരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു.

ശ്രീ. എസു. കുട്ടൻ: അവർക്കു ശരിയായ നിലയിൽ നൂൽ വിതരണംചെയ്യുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്കു മുൻപുതന്നെ ശരിയായ നിലയിൽ നൂൽ വിതരണംചെയ്തിട്ടുണ്ടു്. ഇപ്പോൾ അതിനുവേണ്ട ഏർപ്പാടുചെയ്യുന്നുമുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: നൂൽ പ്രൈവറ്റു കച്ചവടക്കാർക്കു വിതരണത്തിനായി കൊടുക്കാതെ കോവാപ്പറേറീവു സംഘങ്ങൾമുഖേന മാത്രമെ വിതരണം ചെയ്യുകയുള്ളു എന്നു ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇനി മേലാൽ കോവാപ്പറേറീവു സൊസൈറ്റികൾമുഖേനമാത്രമെ നൂൽ വിതരണം ചെയ്യുകയുള്ളു എന്നാണു് തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: അങ്ങനെ ഖണ്ഡിതമായ ഒരു വ്യവസ്ഥ ചെയ്യുവാൻ ഉണ്ടായ സാഹചര്യം എന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതായിരിക്കും കാര്യക്ഷമമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായതുകൊണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈപ്പൻ അറയ്ക്കൽ: ബ്ലാക്കുമാർക്കറിനെ ഭയന്നാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: പലകാരണങ്ങളിൽ ഒന്ന് അതായിരിക്കാം.

ശ്രീ. എസ്. കുട്ടൻ: നെയ്ത്തു തൊഴിലാളികൾക്കു നൂൽ വിതരണംചെയ്യുവാൻ പ്രൊഡ്യൂസേഴ്സിനെത്തന്നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പ്രൊഡ്യൂസേഴ്സിനെയല്ല, ചില മില്ലുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എസ്. കുട്ടൻ: അവർമുഖേന ന്യായമായ വിധത്തിൽ നൂൽ വിതരണംചെയ്യാൻ സാധിക്കുമെന്നു ഗവണ്മെന്റു കരുതുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും സാധിക്കും.

ശ്രീ. ഈപ്പൻ: അറയ്ക്കൽ: കോവാപ്പറേറീവു സൊസൈറ്റികൾ അടുത്ത സ്ഥലത്തെങ്ങും ഇല്ലാത്ത പ്രദേശങ്ങളിൽ പ്രൈവറ്റ് എജൻസികൾക്ക് നൂൽ വിതരണംചെയ്യുവാൻ നൽകുന്നതിൽ ആക്ഷേപമുണ്ടോ?

Mr. Speaker: That constitutes an argument.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: നെയ്ത്തുകാരിക്കര താലൂക്കിൽ ശരിയായി നൂൽ വിതരണംനടക്കുന്നില്ലെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെൻറ് അങ്ങനെ വിചാരിക്കുന്നില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: അതിനെപ്പറ്റി എന്തെങ്കിലും പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: കാര്യമായ പരാതികളൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. വി. ഗംഗാധരൻനായർ: ഇപ്പോൾ ഒരു കൈത്തറി നെയ്ത്തുകാരനു പ്രതിമാസം ശരാശരി എത്ര നൂൽ കിട്ടുന്നുണ്ട്?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ 8 കഴി നൂൽ അണ കൊടുക്കുന്നതു്. ചില അവസരങ്ങളിൽ അതിൽ കൂടുതലും കിട്ടും.

ശ്രീ. എസ്. കുട്ടൻ: ഒരു കഴി നൂലുപോലും കിട്ടാത്ത മാസങ്ങളുണ്ടെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. വി. ഗംഗാധരൻനായർ: ഇപ്പോൾ ഗവണ്മെൻറിനു കിട്ടിവരുന്ന കോട്ടാ വർദ്ധിപ്പിക്കുവാൻ കഴിയുമോ എന്നു ശ്രമിക്കുകയും അങ്ങനെ വർദ്ധിപ്പിച്ചു കൂടുതൽ നൂൽ വിതരണംചെയ്യാമോ എന്നു നോക്കുകയും ചെയ്യാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അടുത്തകാലത്തു് ഇതിനെപ്പറ്റി അന്വേഷിക്കാൻ നിയുക്തനായ ഒരു ഉദ്യോഗസ്ഥൻ ഇവിടെവന്നിരുന്നു. അദ്ദേഹത്തോടു നൂലിന്റെ കോട്ടാ വർദ്ധിപ്പിക്കണമെന്നു ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ടു്. കോട്ടാ അല്പംകൂടി വർദ്ധിപ്പിക്കാമെന്നു് അദ്ദേഹം സമ്മതിച്ചിട്ടുണ്ടു്. അങ്ങനെ കോട്ടാ വർദ്ധിപ്പിക്കുന്നപക്ഷം 8 കഴിയിൽ കൂടുതൽ നൂൽ കൊടുക്കാൻ സാധിക്കുമെന്നാണു് ഗവണ്മെൻറിന്റെ പ്രതീക്ഷ.

ശ്രീ. പൊന്നറ ജി. ശ്രീധർ: കൊച്ചിയിൽ ഇപ്പോൾ എത്ര നൂൽ കൊടുക്കുന്നു എന്നറിയാമോ?

ശ്രീ ടി. കെ. നാരായണപിള്ള: അവിടെയു 8 കഴി നൂലാണു് കൊടുക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ: അവിടെ ഒരു കെട്ടുതുലാണ് കൊടുക്കുന്നത്.

Mr. Speaker: That is giving information to Government, not a question asking for information from Government.

ശ്രീ. ആർ. ശങ്കർ: ഒരു കൈത്തറി നെയ്ത്തുകാരനു് അവന്റെ ജോലി ശരിയായി നിർവ്വഹിക്കണമെങ്കിൽ പ്രതിമാസം എത്ര നൂൽ വേണം?

ശ്രീ. ടി. കെ. നാരായണപിള്ള: കുറഞ്ഞപക്ഷം ഒരുകെട്ടു നൂലെങ്കിലും വേണം.

ശ്രീ. ആർ. ശങ്കർ: ഈ നിലയ്ക്കു് അത്രയും നൂൽ വിതരണംചെയ്യുവാൻ ആവശ്യമുള്ള നൂൽ അനുവദിക്കണമെന്നു് ഇൻഡ്യാഗവൺമെന്റിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. കിട്ടുമെന്നാണു് ഗവൺമെന്റു് ആശിക്കുന്നതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ. മത്സ്യവ്യവസായികൾക്കു ശരിയായി നൂൽ ലഭിക്കുന്നുണ്ടോ എന്നു ഗവൺമെന്റു അന്വേഷിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവർക്കു് ശരിയായി നൂൽ ലഭിക്കുന്നുണ്ടോ എന്നു അന്വേഷിക്കുവാൻ ഫിഷറി ഡിപ്പാർട്ടുമെന്റിനോടു പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ടു്.

Question No. (20) was not put.

Sri. P. Balakrishnan Tampi: May I be permitted to put Question No. 21

Mr. Speker: Yes.

വിതരണത്തിൽ ക്രമക്കേടു്

*ശ്രീ. (പി) ശ്രീ. പി. റ്റി. ചാക്കോ:† താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫർദ്ദാ ജൂൺ പതിനാറാംതീയതി വിതരണക്കമ്മറ്റിയിലെ ഒരംഗമായ ശ്രീമതി അക്കമ്മ ചെറിയാൻ, അയ്യപ്പൻകോവിലെ സ്ഥലവിതരണത്തിൽ ഉണ്ടായ നീതികേടുകളേയും ക്രമക്കേടുകളേയും വിവരിച്ചുകൊണ്ടു പ്രസിദ്ധപ്പെടുവിച്ചിട്ടുള്ള പത്രപ്രസ്താവന ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കമ്മിറ്റിയിലെ ഏക അനുദ്യോഗസ്ഥാംഗമായ ശ്രീമതി അക്കമ്മ ചെറിയാനെ അറിയിക്കുകപോലും ചെയ്യാതെ ദേവികുളം കമ്മീഷണർ അയ്യപ്പൻകോവിൽ സ്ഥലവിതരണം നടത്തുകയാണോ ഉണ്ടായതു്;

(സി) വിതരണത്തിനുള്ള കമ്മിറ്റിയല്ല, വിതരണം നടത്തിയതെന്നുള്ള ആരോപണം ശരിയാണോ;

(ഡി) ഗവൺമെന്റു് ഈ കാര്യത്തിൽ എന്തു നടപടികൈക്കൊണ്ടു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(ബി) അല്ല.

(സി) അല്ല.

(ഡി) ഗവൺമെന്റു് പരാതികളെപ്പറ്റി അന്വേഷിക്കുകയും വിവരങ്ങൾ മിസ്സ് അക്കമ്മചെറിയാനെ അറിയിക്കുകയുംചെയ്തിട്ടുണ്ടു്.

†The question was put by Sri. P. Balakrishnan Tampi, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly